(1)	(2)	(3)	(4)	(5)
3	നെടുവത്തൂർ	52	3 സെന്റ്	218/1-1-2
4	കരീപ്ര	112	3 സെന്റ്	511/9-2
5	വെളിയം	127	3 സെന്റ്	411/14-2
6	മൈലം	30	3 സെന്റ്	14/12350
7	കുളക്കട	44	4 സെന്റ്	414/18

(സി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം 6 അംഗൻവാടികൾക്ക് സർക്കാർ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

കുട്ടനാട്ടിൽ സി.ഡി.എസ്. മുഖേന അംഗൻവാടി കെട്ടിടങ്ങൾ

254 (7553) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ച് സെന്റ് സ്ഥലം സ്വന്തമായുള്ള അംഗൻവാടികൾക്ക് കെട്ടിടം അനുവദിക്കുന്നതിനുവേണ്ടി സി.ഡി.എസ്. മുഖാന്തിരം കുട്ടനാട്ടിൽ നിന്നും എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) അംഗൻവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മറ്റും അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത കുട്ടനാട്ടിലെ അംഗൻവാടികളുടെ വിശദവിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്വന്തമായി അഞ്ച് സെന്റ് സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കുട്ടനാട്ടിൽ നിന്നും ഐ.സി.ഡി.എസ്. മുഖാന്തിരം അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ഇല്ല

(സി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത കുട്ടനാട്ടിലെ അംഗൻവാടികളുടെ വിശദവിവരം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

പഞ്ചായത്ത്	അംഗൻവാടികളുടെ എണ്ണം
(1)	(2)
കൈനകരി	16
നെടുമുടി	17
ചമ്പക്കുളം	10

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
തകഴി	10
തലവടി	9
എടത്വ	12
കാവാലം	7
പുളിങ്കുന്ന്	14
രാമങ്കരി	7
മുട്ടാർ	4
വെളിയനാട്	13
നീലംപേരൂർ	3
ആകെ	122

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ യോഗ്യതാ മാനദണ്ഡം

255 (7554) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതാ മാനദണ്ഡവുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ബിരുദം/ബി.എഡ്. മുതലായ അധിക യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത തസ്തികയിൽ യോഗ്യതാ മാനദണ്ഡത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വകുപ്പിന്റെ നിലവിലെ വിശേഷാൽ ചട്ടമനുസരിച്ച് (ജി.ഒ.(പി) നമ്പർ 54/2010/എസ്.ഡബ്ല്യു.ഡി. തീയതി 10-8-2010) സൂപ്പർവൈസർ

LIBRARY ARCHIVES Kerala Legislative Assembly